# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 941 | 01/03/2017 -ലെ മറുപടി

# കരുത്തികാട് കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ആർ.രാജേഷ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കരുത്തികാട് കടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് നാളിതുവരെ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 1. ഇൻടേക്ക് വെൽ പണി പൂർത്തീകരിച്ചു.<br>2. 500 എം.എം പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരിച്ചു.<br>3. റോ വാട്ടർ പമ്പ് സെറ്റ്- 2Nos. സപ്ലൈ ചെയ്ത് പണി പൂർത്തീകരിച്ചു.<br>4. ജലശുദ്ധീകരണശാലയുടെയും സമ്പിന്റെയും പണി പൂർത്തീകരിച്ചു.<br>5. ക്ലീയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിച്ചു.<br>6. ക്ലീയർ വാട്ടർ പമ്പിംഗ് മെയിൻ പ്രായിക്കര പാലത്തിന് കുറുകെയുള്ള ലൈനും 3 ഗ്യാപ്പുകളും ഒഴിച്ച് ബാക്കി പൂർത്തീകരിച്ചു<br>7. ഉന്നതതല ജലസംഭരണിയുടെ വെർട്ടിക്കൽ കണക്ഷൻ ഒഴികെയുള്ള ബാക്കി പണികൾ പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് റെയിൽവെയുടെ അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | റെയിൽവേ പാലത്തിന് സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള മണ്ണ് പരിശോധനയ്ക്ക് റെയിൽവേ പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്. ടി പരിശോധനയ്ക്ക് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെ കേരള വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതിനായി അനുമതി ലഭ്യമാകുന്ന നിലയിൽ കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും ഉത്തരവ് ലഭ്യമായിട്ടുണ്ടോ യെന്നറിയിക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ

JSK/